**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2016-17 -ലെ പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. **1024/2016**/തസ്വഭവ തീയതി, തിരുവനന്തപുരം **02.03.2016.**

പരാമർശം :-1) സ.ഉ(എം.എസ്)04/2016/തസ്വഭവ തീയതി 11.01.2016

2) 25.02.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.4 നമ്പർ തീരുമാനങ്ങൾ.

**ഉത്തരവ്**

സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.4 (ബി) ക്രമ നമ്പർ 8-ലെ മത്സ്യബന്ധനത്തിനുള്ള മാനദണ്ഡങ്ങളിൽ വല, ഗിൽനെറ്റ് എന്നഇനത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം എന്ന വാക്കുകൾ ഒഴിവാക്കുന്നു.
2. ഖണ്ഡിക 3.1-ലെ ക്രമ നമ്പർ (6)– ൽ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ഒരു ഏക്കറിന് 6000/- രൂപ എന്നത് ഒരു ഹെക്ടറിന് 6000/- രൂപ എന്ന ഭേദഗതി വരുത്തുന്നു.
3. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2-ലെ ക്രമ നമ്പർ .1 കറവയുള്ള പശു/എരുമ എന്നയിനത്തിൽ ഗ്രൂപ്പുകൾക്കുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 50% (20,000/- രൂപ) എന്നത് 50% (പരമാവധി 2 ലക്ഷം രൂപ) എന്ന് ഭേദഗതി വരുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എസ്. ശോഭന.

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**